# 5th Joint Meeting of the India-Japan Act East Forum

January 28, 2021

---

## ഇന്ത്യ -ജപ്പാൻ ആക്ട് ഈസ്റ്റ് ഫോറത്തിന്റെ 5 മാത് സംയുക്ത സമ്മേളനം

ജനുവരി 28, 2021

1. ഇന്ത്യ -ജപ്പാൻ ആക്ട് ഈസ്റ്റ് ഫോറത്തിന്റെ (AEF) അഞ്ചാമത് സംയുക്ത സമ്മേളനം ഇന്ത്യയും ജപ്പാനും തമ്മിൽ 2021 ജനുവരി 28 നു ന്യൂഡൽഹിയിൽ വച്ച് നടന്നു.സമ്മേളനത്തിൽ ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധൻ ശൃംഗള, ഇന്ത്യയുടെ ജപ്പാൻ അംബാസിഡർ ശ്രീ സുസുക്കി സതോഷി എന്നിവർ സംയുക്തമായി അധ്യക്ഷത വഹിച്ചു.

2. ഇന്ത്യയുടെ വടക്കു കിഴക്കൻ പ്രവിശ്യകളിൽ കണക്ടിവിറ്റി, ജല വൈദ്യുതി, സ്ഥിരമായ വികസനം, ജലസ്ത്രോതസ്സുകളുടെ പരിപാലനം കൂടാതെ വിഭവശേഷി വികസനം എന്നിങ്ങനെയുള്ള മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ടുകളുടെ പുരോഗതി AEF അവലോകനം ചെയ്തു. ഇന്ത്യൻ ജപ്പാൻ ഉഭയകക്ഷി ബന്ധത്തിന് കീഴിൽ കൂടുതൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചും പുതിയ മേഖലകളായ ആരോഗ്യകാർഷിക വ്യവസായങ്ങളും SME കളും, ബാംബൂ വാല്യൂ ചെയിൻ ഡെവലപ്മെന്റ്, സ്മാർട്ട് സിറ്റി, വിനോദ സഞ്ചാരം . വ്യക്തിഗത കൈമാറ്റങ്ങൾ എന്നിവയിൽ സഹകരണം കൊണ്ടുവരുന്നതിനുള്ള ആശയങ്ങളും അവർ ചർച്ച ചെയ്തു.

3. ഫവടക്ക് കിഴക്കൻ പ്രവിശ്യയിൽ നവീകരണങ്ങൾ കൊണ്ടുവരുന്നതിന്, ഇന്ത്യയും ജപ്പാനും തമ്മിലുള്ള നയതന്ത്ര സഹകരണം ലഭ്യമാക്കുന്നതിൽ, 2017 ൽ സ്ഥാപിച്ചത് മുതൽ AEF നിർവഹിക്കുന്ന പങ്കിനെ വിദേശകാര്യ സെക്രട്ടറിയും ജാപ്പനീസ് അംബാസിഡറും പ്രശംസിച്ചു. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസി, ജപ്പാന്റെ സ്വതന്ത്രവും സുതാര്യവുമായയുള്ള ഇൻഡോ പസഫിക് പ്രവിശ്യയ്ക്കായുള്ള കാഴ്ചപ്പാട് എന്നിവ അനുസരിച്ച് സഹകരണത്തോടെ പ്രവർത്തിക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം AEF പ്രദാനം ചെയ്യുന്നു.

**ന്യൂ ഡൽഹി**
**28 ജനുവരി , 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.